കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം കേന്ദ്രാവിഷ്കൃത പദ്ധതി - ഏരിയാ ഇന്റൻസീവ് പ്രോഗ്രാം - സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് - ക്രമക്കേടുകൾ - കോഴിക്കോട് ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ അക്കൗണ്ടസ് ആഫീസറായിരുന്ന ശ്രീ.പി.കെ.ബീരാൻകുട്ടി, എ.പി.എഫ്.ഒയ്ക്കെതിരെയുള്ള അച്ചടക്ക നടപടികൾ ~~തീർപ്പുകൽപ്പിച്ച്~~ ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ. (സാധാ) നം.2431/11/പൊ.വി. തീയതി, തിരുവനന്തപുരം 28/06/2011

---

പരാമർശം:- 1. ഏരിയ ഇൻറൻസീവ് പ്രോഗ്രാം സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട്

2. 03.08.2010 ന് ശ്രീ.പി.കെ.ബീരാൻകുട്ടി കൈപ്പറ്റിയ ചാർജ്ജ് മെമ്മോ
3. ശ്രീ.പി.കെ. ബീരാൻകുട്ടിയുടെ 06.08.2010 ,20.11.2010 തീയതികളിലെ വിശദീകരണങ്ങൾ
4. ഹയർസെക്കന്ററി ഡയറക്ടറുടെ 09.03.2011 ലെ എ.ഡി.എ3/ 3313/ 2009-ാം നമ്പർ കത്ത്..

### ഉത്തരവ്

പരാമർശം (1) ലെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്തയിൽ അക്കൗണ്ട്സ് ആഫീസറായി സേവനമനുഷ്ഠിച്ചിരുന്ന പൊതുവിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രോവിഡന്റ്ഫണ്ട് ആഫീസറായ ശ്രീ.പി.കെ.ബീരാൻകുട്ടിയുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (2) പ്രകാരം ചാർജ്ജ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്.

ടി കുറ്റപത്രം ടിയാൻ 03.08.10ന് കൈപ്പറ്റുകയും പരാമർശം (3) പ്രകാരം ടിയാന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം ടിയാൻ നിഷേധിച്ച്കൊണ്ട് വിശദീകരണം സമർപ്പിക്കുകയുണ്ടായി . ഈ സാഹചര്യത്തിൽ ടിയാന്റെ വിശദീകരണം പരിശോധിച്ച് വ്യക്തമായ അഭിപ്രായം രേഖപ്പെടുത്താൻ ഹയർസെക്കന്ററി ഡയറക്ടറോട് സർക്കാർ നിർദ്ദേശിക്കുകയും പരാമർശം (4) പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൻെറ കോഴിക്കോട് റീജേണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ അക്കൗണ്ട്സ് ആഫീസറായി ഡെപ്യൂട്ടേഷനിൽ ജോലിനോക്കി വരവെ, ശ്രീ.പി.കെ. ബീരാൻകുട്ടി, സർക്കാരിൻെറ മാർഗ്ഗ നിർദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി എരിയാ ഇന്റൻസീവ് പ്രോഗ്രാം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട്, മലപ്പുറം ജില്ലയിൽ 5 ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനകാർക്കും അനർഹമായി ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക വഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിവെച്ചു. ശമ്പള വർദ്ധനയും ആനുകുല്യങ്ങളും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് സ്പഷ്ടീകരണം ആരാഞ്ഞതശേഷമാണ്,സപഷ്ടീകരണം ലഭിക്കുന്നതിനു മുമ്പ് ടി വീഴ്ചവരുത്തിയത് എന്നതായിരുന്നു ശ്രീ.പി.കെ.ബീരാൻ കുട്ടിയ്ക്കെതിരെയുള്ള ചാർജിന് ആധാരമായ വിഷയം.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏരിയ ഇന്റൻസീവ് പ്രോഗാമിൽ ഉൾപ്പെടുത്തി അനുവദിച്ച 5 ഹയർ സെക്കന്ററി സ്കൂളുകളിലെ ജീവനക്കാരുടെ സാലറി, സമാന തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരുടെ സ്കെയിൽ ഓഫ് പേയുടെ മിനിമത്തിൽ നിശ്ചയിച്ചു കൊണ്ട് 16/01/2003 ലെ സ.ഉ.(കൈ) നം. 14/2003/പൊ.വി.വ.നമ്പർ പ്രകാരം ഉത്തരവായിരുന്നു. പിന്നീട് 01/02/2006 പ്രാബല്യത്തിൽ ബേസിക് പേയോടൊപ്പം, ഡി.എ.യും മറ്റ് അലവൻസുകളും അനുവദിച്ചുകൊണ്ട് ജി.ഒ.(എം.എസ്) നം.543/2006/പൊ.വി.വ.തീയതി 01/02/2006 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 01/02/2006 മുതൽ പൂർണ്ണ നിരക്കിൽ ശമ്പളം നൽകിയിരുന്നതിനാലും ഇവർക്ക് ഇൻക്രിമെന്റിന് അർഹതയില്ലെന്ന് വ്യക്തമാക്കുന്ന ഒരു ഉത്തരവും നിലവിലില്ലാത്തതിനാലുമാണ്, 01/02/2007 മുതൽ ഇൻക്രിമെന്റ് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനക്ക് വന്നപ്പോൾ അനുകൂലമായ കുറിപ്പെഴുതി ഡെപ്യൂട്ടി ഡയറക്ടർക്ക് ശ്രീ.പികെ.ബീരാൻകുട്ടി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 01/02/2006 മുതൽ ഇൻക്രിമെന്റ് നൽകാമോ എന്ന കാര്യത്തിലല്ല ഗവൺമെന്റിലേക്ക് സ്പഷ്ടീകരണം ആരാഞ്ഞിരുന്നതെന്നും 16/01/2003 മുതൽ അവരുടെ സർവ്വീസ് ക്രമീകരിക്കുവാനും അതനുസരിച്ചുള്ള ഇൻക്രിമെന്റ് മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുമാണ് സ്പഷ്ടീകരണം ആരാഞ്ഞിരുന്നതെന്നും ടിയാൻ വ്യക്തമാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ താൻ മാർഗ്ഗ നിർദ്ദേശങ്ങളെന്നും ലംഘിച്ചിട്ടില്ലെന്നും 01/02/2007 മുതൽ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് കുറിപ്പെഴുതി, തീരുമാനമെടുക്കുന്നതിന് പൂർണ്ണ അധികാരമുള്ള ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുക

മാത്രമാണ് ചെയ്യുകയുണ്ടായതെന്നും ആയതിനാൽ തനിക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കണമെന്നും ശ്രീ.പി.കെ.ബീരാൻകുട്ടി അപേക്ഷിച്ചിട്ടുണ്ട്.

ഏരിയ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം ആരംഭിച്ച ടി ഹയർ സെക്കന്ററി സ്കൂളിലെ ജിവനകാർക്ക് 16/01/2003 മുതൽ സാലറിയായി സമാന തസ്തികകളിലെ സ്കെയിൽ ഓഫ് പേയുടെ മിനിമം മാത്രമാണ് അനുവദിച്ചിരുന്നത്. സാലറി എന്ന പ്രയോഗത്തിൽ നിന്നുതന്നെ ഇൻക്രിമെന്റും മറ്റു അലവൻസുകളും അവർക്ക് നൽകുന്നതിന് വ്യവസ്ഥയില്ലായിരുന്നു എന്ന വസ്തുത വ്യക്തമാണ്. എന്നാൽ 01/02/2006 ലെ ഉത്തരവിൽ ബെയ്സിക് പേയോടൊഷം ഡി.എ.യും മറ്റ് അലവൻസുകളും നൽകുന്നതിനാണ് സർക്കാർ അനുമതി നൽകി കാണുന്നത്. പ്രസ്തുത ബെയ്സിക് പേ എന്നുള്ളത് 16/01/2003 ലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 'സാലറി' എന്നാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളതാകാമെങ്കിലും സമാന തസ്തികകളിലെ സ്കെയിൽ ഓഫ് പേയുടെ മിനിമം ആണ് പ്രസ്തുത ബേസിക് പേ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് 01/02/2006 ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഇൻക്രിമെന്റ് നൽകരുതെന്ന് വ്യക്തമാക്കുന്ന യാതൊരു നിർദ്ദേശവും സർക്കാർ 01/02/2006 ലെ ഉത്തരവിലോ അതിനു ശേഷമോ നൽകിയിട്ടില്ല. കൂടാതെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറോട് ടി ജീവനകാർക്ക് ഇൻക്രിമെന്റും മറ്റു സർവ്വീസ് ആനുകൂല്യങ്ങളും കിട്ടത്തക്ക രീതിയിൽ 16/01/2003 മുതൽ റഗുലർ ജീവനക്കാരായി പരിഗണിക്കുവാൻ കഴിയുമോ എന്ന കാര്യത്തിൽ സപഷ്ടീകരണം ആരാഞ്ഞ ശേഷമാണ് അക്കൗണ്ട്സ് ആഫീസറായ ശ്രീ.ബീരാൻകുട്ടി 01/02/2007 മുതൽ ജീവനകാർക്ക് ഇൻക്രിമെന്റ് അനുവദിച്ചു നൽകിയിട്ടുള്ളത്. 01/02/2006 പ്രാബല്യത്തിൽ 01/02/2007 മുതൽ ഇൻക്രിമെന്റ് അനുവദിച്ച് നൽകുന്ന കാര്യത്തിലല്ല , മറിച്ച് 16.01.03 മുതൽ ഇൻക്രിമെന്റ് നൽകുന്ന കാര്യത്തെക്കുറിച്ചാണ് സർക്കാരിലേക്ക് സ്പഷ്ടീകരണം ആരാഞ്ഞതെന്ന ശ്രി.പി.കെ.ബീരാൻകുട്ടിയുടെ അഭിപ്രായം ഇതു സംബന്ധിച്ച കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 08/12/2006ൽ ഹയർ സെക്കന്ററി ഡയറക്ടർക്ക് അയച്ച കത്തിൽ നിന്നും ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

18.10.2004 ലെ സ.ഉ.(കൈ) നം. 323/2004/ജന.എഡ്യൂ.തീയതി പ്രകാരം മറ്റുള്ള എയ്ഡഡ് സ്കൂളിലേതു പോലെ സ്റ്റാഫ് ഫിക്സേഷൻ നടത്തുവാനും അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുവാനുള്ള നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം

നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് പി.ഡി.അക്കൗണ്ട് തുടങ്ങാൻ ജി.ഒ.(ആർ.റ്റി) നം.3375/05/ഫിൻ തീയതി 25.04.2005 പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്.

01/02/2006 പ്രാബല്യത്തിൽ 01/02/2007 മുതൽ ഇൻക്രിമെന്റ് അനുവദിച്ചു നൽകുക വഴി മലപ്പുറം ജില്ലയിൽ അഞ്ചു ഹയർ സെക്കന്ററി സ്കൂളുകളിലായി 14,72,809/- രൂപ (പതിനാലു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി ഒമ്പതു രൂപമാത്രം) അധികമായി വിവിധ ജീവനകാർക്ക് നൽകിയിട്ടുണ്ട്. 2/2010 മുതൽ ഇവർക്ക് സ്കെയിൽ ഓഫ് പേയുടെ മിനിമം മാത്രമാണ് നൽകി വരുന്നത്. അധികമായി നൽകിയ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഡബ്ല്യു.പി (സി) നം.10747/2010 ൻ മേലുള്ള 31/03/2010 ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

വോളണ്ടറി ബേസിസിൽ സ്കൂളുകൾ ആരംഭിക്കണമെന്നുള്ളതായിരുന്നു. കേന്ദ്രവിഷ്കൃത പദ്ധതിയായ ഏരിയ ഇൻറൻസ് പ്രോഗ്രാമിന്റെ മാർഗ്ഗ നിർദ്ദേശമെങ്കിലും പിന്നീട് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ ടി ജീവനകാർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെതുപോലെ നിയമനാംഗീകാരവും മറ്റും നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് 01/01/2007 മുതൽ അവർക്ക് ഇൻക്രിമെന്റുകൾ അനുവദിച്ചു നൽകുന്നതി നനുകൂലമായ കുറിപ്പെഴുതി ഫയൽ റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അർപ്പിച്ചതെന്ന ശ്രീ.പി.കെ.ബീരാൻകുട്ടിയുടെ വാദം ഇക്കാര്യത്തിലുള്ള സരക്കാരിന്റെ സ്പഷ്ടീകരണം ലഭിച്ച ശേഷം മാത്രം തീരുമാനമെടുത്താൽ മതിയെന്ന കുറിപ്പാണ് ഫയലിൽ ടിയാൻ രേഖപ്പെടുത്തിയിരുന്നതെങ്കിലും പ്രസ്തുത വീഴ്ച മേൽ വിവരിച്ച അവ്യക്തതകളുടെയും ടി സ്കൂളുകളിലെ ജീവനകാർക്ക് എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടേതിന് തുല്ല്യ പദവി പല അവസരങ്ങളിലായി നൽകിയിട്ടുള്ളതിനാലും അനുഭാവപൂർവ്വം സ്വീകരിക്കാവുന്നതാണെന്നും ഹയർസെക്കന്ററി ഡയറക്ടർ ശുപാർശ ചെയ്യുന്നു.

ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏരിയ ഇന്റൻസീവ് പ്രോഗ്രാം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ 5 ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനകാർക്കും അനർഹമായി ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകവഴി സർക്കാരിനുണ്ടായ 14,72,809/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാനുള്ള നടപടി കോടതിയുടെ പരിഗണനയിലായതിനാലും ശ്രീ.ബീരാൻകുട്ടിയുടെ ഭാഗത്തു നിന്നും

മനപൂർവ്വമല്ലെങ്കിലും സർക്കാരിന്റെ സ്പഷ്ടീകരണം ലഭ്യമാക്കാതെ ഉത്തരവിനായി മേലുദ്യോഗസ്ഥന് നിർദ്ദേശം നൽകുക വഴി ഒരു ഉന്നത ഉദ്യോഗസ്ഥന് നിരക്കാത്ത തരത്തിൽ പ്രവർത്തിക്കുകയും കൃത്യവിലോപം കാണിച്ചിട്ടുള്ളതിനാലും ടിയാന് മൈനർ പണിഷ്മെന്റ് നൽകാവുന്നതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.പി.കെ. ബീരാൻകുട്ടിയുടെ പേരിൽ സ്വീകരിച്ചു വന്നിരുന്ന അച്ചടക്ക ശിക്ഷണ നടപടികൾ മേലിൽ ഇത്തരം ക്രമക്കേടുകളും കൃത്യവിലോപവും കാണിക്കരുതെന്ന താക്കീത്തോടെ അവസാനിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ജലീംസിന
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.പി.കെ.ബീരാൻകുട്ടി, എ.പി.എഫ്.ഒ.
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, മലപ്പുറം
ഡയറക്ടർ, ഹയർസെക്കന്ററി ഡയറക്ടറേറ്റ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ഹയർ സെക്കന്ററി,കോഴിക്കോട്
ഡയറക്ടർ,ഐ.ടി @ സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ